# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ: 3525 — 15.03.2018 ലെ മറുപടിയ്ക്ക്

**<u>കോങ്ങാട് സബ്ട്രഷറിയ്ക്ക് അനുമതി</u>**

**<u>ചോദ്യം</u>** — **<u>ഉത്തരം</u>**

ശ്രീ.കെ.വി.വിജയദാസ്

ഡോ. റ്റി.എം. തോമസ് ഐസക്
ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ കാലയളവിൽ പുതിയതായി എത്ര ട്രഷറികൾ ആരംഭിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള വിശദവിവരം നൽകുമോ; | | 11/12/2015 ലെ സ.ഉ.(കൈ) 567/15/ധന നമ്പർ ഉത്തരവ് പ്രകാരം കോട്ടയം ജില്ലയിലെ അയർക്കുന്നം ആസ്ഥാനമാക്കി ഒരു സബ് ട്രഷറി ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിരുന്നു. എന്നാൽ പ്രസ്തുത ട്രഷറിയിൽ ഇടപാടുകൾ ആരംഭിച്ചത് ഈ സർക്കാരിന്റെ കാലയളവിലാണ്. മറ്റ് ട്രഷറികളൊന്നും ഈ സർക്കാരിന്റെ കാലത്ത് ആരംഭിച്ചിട്ടില്ല. |
| (ബി) | ട്രഷറി സേവനങ്ങളുടെ ആവശ്യങ്ങൾ കൂടി വരുന്ന ഈ കാലഘട്ടത്തിൽ കോങ്ങാട് സബ്ട്രഷറിയ്ക്ക് അനുമതി നൽകുമോയെന്ന് വ്യക്തമാക്കുമോ? | | ട്രഷറികളിൽ ആധുനികവൽക്കരണത്തിന്റെയും കമ്പ്യൂട്ടർവൽക്കരണത്തിന്റെയും ഭാഗമായി, GRAS കോർബാങ്കിംഗ് ഹൊറിസോണ്ടൽ കണക്ടിവിറ്റി എന്നിവ പൂർത്തിയാക്കി നിലവിലുള്ള ട്രഷറികളുടെ പ്രവർത്തനം വിലയിരുത്തിയതിന് ശേഷം മാത്രമേ കോങ്ങാട് കേന്ദ്രമാക്കി പുതിയ ട്രഷറി ആരംഭിക്കുന്ന കാര്യം പരിഗണിക്കുകയുള്ളൂ. |

(signature)
അക്കൗണ്ട്സ് ഓഫീസർ